പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 557 — 11.12.2012 ൽ മറുപടിയ്ക്ക്

## മലിനീകരിക്കപ്പെട്ട നീർത്തടങ്ങൾ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ് | സി .എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) ഏറെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതരത്തിൽ നീർത്തടങ്ങൾ മലിനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നീർത്തടങ്ങൾ സംരക്ഷിക്കു ന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) 1. തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 2010, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ളത് സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിച്ചു.<br>2. കുടിവെള്ള സ്രോതസ്സുകളായ പ്രധാന ജലാശയങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കി വരുന്നു.<br>3. ഗാർഹിക മാലിന്യങ്ങൾ മൂലം നീർത്തടങ്ങൾ മലിനപ്പെടാതിരിക്കാനായി വീടുകളിൽ കക്കൂസ് നിർമ്മിച്ചു നല്ലാനുള്ള പദ്ധതി നടപ്പാക്കി വരുന്നു.<br>4. കാർഷികാവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിയുന്ന കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഖര/ദ്രവ/പ്ലാസ്റ്റിക്ക്/ അറവുശാല മാലിന്യ സംസ്ക്കരണ പദ്ധതികളും ഭൂസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന ഭൂസംരക്ഷണ പദ്ധതികളും നീർത്തടങ്ങൾക്കു സംഭവിക്കുന്ന പാരിസ്ഥിതിക ശോഷണം തടയുന്നതിന് ഉപയുക്തമാകുന്നതാണ്.<br>6. തെരഞ്ഞെടുത്ത പ്രധാന കുളങ്ങളുടെ സംരക്ഷണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ